# സെന്റ് ജോസഫ്സ് യു പി സ്കൂൾ കായൽപ്പുറം

# മാസ്റ്റർ പ്ലാൻ 2025 – 2026

## അക്കാദമികം

### ആമുഖം

സമഗ്ര കേരളവികസനത്തിനു വേണ്ടി ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനായി പ്രഖ്യാപിച്ച വിദ്യാഭ്യാസ സംരക്ഷണയജ്ഞം കാലോചിതമായ ആവശ്യം തന്നെയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളും ഉൾക്കൊണ്ട് ഓരോ സ്കൂളിനേയും മികവുറ്റതാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാലയ വികസന പദ്ധതി ഓരോ സ്കൂളിന്റേയും വളർച്ചയ്ക്കുതകുന്നതാണ്. ഓരോ കുട്ടിയുടേയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

### പൊതുലക്ഷ്യങ്ങൾ

1. കുട്ടികളിൽ ക്രിയാത്മക ശേഷി വർദ്ധിപ്പിക്കുക.
2. കുട്ടികൾ എത്തിച്ചേരുന്ന ഏത് മേഖലകളിലും അവർക്ക് അവരുടെ മികവ് തെളിയിക്കുക.
3. മാനുഷിക മൂല്യങ്ങൾ (സ്നേഹം, അനുകമ്പ, ദയ) സ്വാംശീകരിക്കുക.
4. വീടിനും സമൂഹത്തിനും പ്രയോജനപ്രദമായ യുവതലമുറയെ വളർത്തിയെടുക്കുക.
5. പ്രകൃതിയെ സ്നേഹിക്കുകയും പ്രകൃതി വിഭവങ്ങളെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുകയും ചെയ്യുക.

6. പ്രകൃതിയിലും മനുഷ്യരിലും കുടികൊള്ളുന്ന ഈശ്വരസാന്നിധ്യം ഉൾക്കൊള്ളുക.
7. ഭാഷ മത ജാതി  വിവേചനങ്ങൾ കൂടാതെ പരസ്പര ബഹുമാനത്തോടുകൂടി ഇടപെടുവാനും അംഗീകരിക്കുവാനുമുള്ള കഴിവ് നേടുക.
8. കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗാത്മക വാസനകളെ ഉണർത്തുക.
9. വിവിധ ഭാഷ നൈപുണികൾ നേടുക.
10. ആൺപെൺ ഭേദമില്ലാതെ ഉത്തമപൗരരായി കുഞ്ഞുങ്ങളെ മാറ്റിയെടുക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു.

## ചരിത്രം

ബൃഹത്തായ വേമ്പനാട്ടു കായലിന്റെ ഓരഭൂമിയാണ് കായൽപ്പുറം. ആലപ്പുഴ കുട്ടനാട് താലൂക്കിലെ പുളിങ്കുന്നിന്റെ പ്രാന്തപ്രദേശമായ ഈ നാട് ഒരു നൂറ്റാണ്ട് മുൻപ് തികച്ചും സാധാരണവും ലളിതവുമായിരുന്നു. ദീർഘ വീക്ഷണത്തോടു കൂടി വാഴയിൽ ബഹു. ജോസഫച്ചൻ കായൽപ്പുറം ദേശത്ത് 1913 - 14 ൽ മഠത്തോടനുബന്ധിച്ച് ഒരു  L P സ്കൂൾ സ്ഥാപിച്ചു.

1913 ചിങ്ങം പതിനേഴാം തീയതി സ്കൂൾ ആരംഭിച്ചു. 1914 കന്നി പതിനാറാം തീയതി സ്കൂളിന് അംഗീകാരം ലഭിച്ചു. 1915 ൽ സ്കൂൾ പണിക്കുവേണ്ടി കിഴക്കൻ ദേശത്തു പോയി ധർമപിരിവു നടത്തി ലഭിച്ച 416 രൂപ ഉപയോഗിച്ച് കണ്ടം നികത്തി ഒരു മുളങ്കൂട്ടു കെട്ടിടം പണിതു. അതിലാണ് സ്കൂൾ ആദ്യമായി ആരംഭിച്ചത്. 1915 ൽ മൂന്നാം ക്ലാസ്സ് വരെ അംഗീകാരം ലഭിച്ചു. കെട്ടിടത്തിന്റെ അപര്യാപ്തതകൊണ്ട് ഗ്രാന്റിനു മുടക്കം നേരിട്ടു. 1916 ൽ പുതിയ കെട്ടിടത്തിനു തറക്കല്ലിട്ടു.

1947 ൽ പുതിയ വിദ്യാഭ്യാസ നിയമം അനുസരിച്ച് അഞ്ചാം ക്ലാസ്സ് വരെയുള്ള പൂർണ്ണ പ്രൈമറി സ്കൂൾ ആക്കി. 1953 ൽ ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ് സ്ഥാപിച്ചു. സെന്റ് ജോസഫ് യു പി സ്കൂൾ കായൽപ്പുറം അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിൽ കൂട്ടിച്ചേർക്കപ്പെട്ടു. 1958 ജൂലൈ 31 ലെ ഗവൺമെന്റ് ഓർഡറിൻ പ്രകാരം മഠത്തിന്റെ തെക്കു വശത്തുള്ള മഠം വക പുരയിടത്തിൽ പുതിയ സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിച്ചു. 1961 ൽ പണി പൂർത്തിയാക്കി. 1962 - 1963 ൽ യു പി സെക്ഷൻ ആരംഭിച്ചു. പ്രഥമ H M ആയി സി. ക്ലമന്റ് മേരി ചാർജെടുത്തു.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

- ഉയർന്ന നിലവാരത്തിലുള്ള പഠനബോധന സൗകര്യങ്ങൾ ഉറപ്പാക്കുന്ന ഹൈ-ടെക്ക് ക്ലാസ്സ് മുറികൾ
- മികച്ച ലബോറട്ടറി, ലൈബ്രറി സൗകര്യം
- കലാ-കായിക പരിശീലനത്തിനുള്ള സൗകര്യം
- കുട്ടികളുടെ സർഗ്ഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനുള്ള സൗകര്യം
- അന്താരാഷ്ട്ര പഠനനിലവാരം കുട്ടികളിലെത്തിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഉറപ്പാക്കുക
- സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് പൊതുവിദ്യാലങ്ങളെ മാറ്റിയെടുക്കുക
- എല്ലാ കുട്ടികൾക്കും സർവ്വതോൻമുഖമായ വികാസത്തിന് തുല്യ അവസരങ്ങൾ
- പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം, വിമർശനാവബോധം, ലിംഗ സമത്വ ധാരണ തുടങ്ങിയവ ആർജ്ജിക്കുക
- മണ്മറഞ്ഞുപോയ കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക
- മത്സാരാധിഷ്ഠിതമായ ലോകത്തിൽ അതിജീവിക്കാനാവശ്യമായ ആത്മവിശ്യാസവും അറിവും പ്രാപ്തിയും ആർജ്ജിച്ചെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- മതനിരപേക്ഷത, ജനാതിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം തുടങ്ങിയ മൂല്യബോധങ്ങൾ കുട്ടികളിൽ ഉളവാകാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും വിദ്യാലയം ഒരുക്കുന്നു.

## നിലവിലെ അവസാന വിശകലനം

സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശമായ കുട്ടനാടിന്റെ എല്ലാ സാമൂഹികമായ അവസ്ഥകളും ഉൾക്കൊള്ളുന്ന കായൽപ്പുറം, വേണാട്ടുകാട്,കരീച്ചിറ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളാണ് നമ്മുടെ സ്കൂളിൽ വിദ്യാഭ്യാസം തേടി എത്തുന്നത്. മഴക്കാലത്തെ വെള്ളപ്പൊക്ക ഭീഷണിയും യാത്രാദുരിതവും കുട്ടികളെ സ്കൂളിൽ എത്തിച്ചേരാനുള്ള താത്പര്യത്തെ ഇല്ലാതാക്കുന്നു. കാലാവസ്ഥ മോശമാകുന്ന സാഹചര്യങ്ങളിൽ

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് ഏറിയ കുട്ടികളും. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് ഇവിടുത്തെ മാതാപിതാക്കളിൽ ഏറിയവരും. അതിനാൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ ആവശ്യമായ ശ്രദ്ധ ചെലുത്താൻ മതാപിതാക്കൾക്കു കഴിയുന്നില്ല.

ഒരു ക്ലാസ്സിന് ഒന്ന് എന്ന നിലയിൽ 7 അധ്യാപകരും 2 പാർടൈം അധ്യാപകരുമടങ്ങുന്നതാണ് ഇവിടുത്തെ അധ്യാപക സമൂഹം. എസ്. ആർ. ജി യുടെ എല്ലാ പ്രവർത്തനങ്ങളും എസ് ആർ. ജി. കൺവീനറുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടന്നുവരുന്നു. എല്ലാ ബുധനാഴ്ചകളിലും എസ്. ആർ. ജി. മീറ്റിംഗ് കൂടി എല്ലാ അധ്യാപകരും പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ വളരെ സജീവമായി പങ്കെടുക്കുന്നു.

ആവശ്യാനുസരണം പി റ്റി എ കൂടി സ്കൂൾ പ്രവർത്തനത്തിനാവശ്യമായ കാര്യങ്ങൾ തീരുമാനമെടുക്കുന്നു. പി റ്റി എ യുടെ സജീവമായ സഹകരണം സ്കൂളിന് മുതൽക്കൂട്ടാണ്.

## ക്ലബുകൾ

കുട്ടികളുടെ നേതൃത്വത്തിൽ വിൻസെന്റ് ഡി പോൾ, സയൻസ് ക്ലബ്, സോഷ്യൽ ക്ലബ്, മാത്തമാറ്റിക്സ് ക്ലബ്, ഭാഷ ക്ലബ്, നേച്ചർ ക്ലബ്, വിദ്യാരംഗം കലാസാഹിത്യവേദി എന്നിവയുടെപ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. ഓരോ ക്ലബുകളുമായി ബന്ധപ്പെട്ട എല്ലാ ദിനാചരണങ്ങളും ക്ലബുകളുടെ നേതൃത്വത്തിൽ അധ്യാപകരുടെ സഹയത്തോടെ നടക്കുന്നു. ഓണാഘോഷം, ക്രിസ്തുമസ്ആഘോഷം, സ്കൂൾ വാർഷികാഘോഷം, സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന കെ. ജി വിഭാഗം കുട്ടികളുടെ ആഘോഷ പരിപാടികളും ഈ സ്കൂളിലെ കുട്ടികളുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത മൂലം കുട്ടികൾക്ക് കായിക പരിശീലനത്തിനുള്ള സാധ്യത വളരെ പരിമിതമാണ്. കായികമായി നല്ല കഴിവുള്ള നിരവധി കുട്ടികളുള്ള ഈ സ്കൂളിൽ ഗ്രൗണ്ടിന്റെ അഭാവം മൂലം കുട്ടികൾക്ക് അവരുടെ കഴിവുകൾ വളർത്തിയെടുക്കാൻ സാധിക്കുന്നില്ല. എങ്കിലും മറ്റു സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് മികച്ച രീതിയിൽ തന്നെ പരിശീലനം നൽകുന്നു. 2022 മുതൽ ഗൈഡിങ് പ്രവർത്തനമാരംഭിച്ചു.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- ഭാഷാ ലാബ്, മാത്സ് ലാബ് , സയൻസ് ലാബ് , സോഷ്യൽ ലാബ് എന്നിവയുടെ അപര്യാപ്തത
- ക്ലാസ്റൂം ലൈബ്രറിയിൽ ആവശ്യത്തിന് പുസ്തകങ്ങൾ വേണം
- വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന സ്കൂൾ പരിസരം
- കായൽ മേഖലകളിൽ നിന്ന് വരുന്ന കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട്
- ശുദ്ധജലത്തിന്റെ അപര്യാപ്തത
- കമ്പ്യൂട്ടറുകളുടെ കുറവ്
- കായിക വിദ്യാഭ്യാസത്തിനാവശ്യമായ സ്ഥലപരിമിതി
- സംസ്കൃതം ഒന്നാം ഭാഷയായി കുട്ടികൾ പഠിക്കുന്നതിനാൽ മാതൃഭാഷ കുട്ടികൾക്ക് കൂടുതലായി ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥ
- സാമ്പത്തിക പിന്നോക്കാവസ്ഥ
- കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാൻ ഊട്ടുപുര ഉപകരണങ്ങളുടെ അപര്യാപ്തത
- കുട്ടികൾക്ക് ആവശ്യമായ ശുചിമുറികളുടെ അഭാവം
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള മാതാപിതാക്കളുടെ അതിരുകടന്ന ആകാംഷ
- കലാ-കായിക പരിശീലനം നൽകുന്നതിനുള്ള അധ്യാപകരുടെ അഭാവം

## പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

**പ്രവർത്തനത്തിന്റെ പേര്** : **ക്ലാസ് ലൈബ്രറി**

**ഉപമേഖല** : **വായനാ പരിപോഷണം**

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| പുസ്തക വായനയിലുള്ള താത്പര്യം കുട്ടികളിൽ ഉണർത്തുക | വായനയ്ക്കായി പുസ്തകങ്ങൾ കൊടുത്തുവിടുന്നു. വായനാകുറിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ പുസ്തക പരിചയം നടത്തുന്നു. ബർത്ത്ഡേ പുസ്തകശേഖരണം. | ആഴ്ചയിൽ രണ്ട് പീരീഡ് | |

**പ്രവർത്തനത്തിന്റെ പേര്** : **ക്ലാസ് വായനാക്കൂട്ടം (പത്ര വായന)**

**ഉപമേഖല** : **വായനാശേഷി**

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| അനുദിന വാർത്തകൾ അറിയാനുള്ള താത്പര്യം കുട്ടികളിൽ ഉണർത്തുക | പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, വാർത്ത തയ്യാറാക്കൽ. ക്ലാസ്സിലും അസംബ്ലിയിലും പത്രം വായ്പ്പിക്കൽ. പത്രം തയ്യാറാക്കൽ. | 9.30 – 10 am<br>1.30 - 2 pm<br>എല്ലാ ദിവസവും | |

**പ്രവർത്തനത്തിന്റെ പേര്** : **കുട്ടികളുടെ മാഗസിൻ**

**ഉപമേഖല** : **സർഗാത്മകശേഷി**

| **ലക്ഷ്യം** | **പ്രവർത്തങ്ങൾ** | **കാലയളവ്** | **റിമാർക്സ്** |
|---|---|---|---|
| കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുക | ക്ലാസ്സിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന സർഗ്ഗശേഷി ഉൾപ്പെടുത്തി മാഗസിൻ ക്രമീകരിക്കുന്നു | 2026 march | |

**പ്രവർത്തനത്തിന്റെ പേര്** : **വിദ്യാരംഗം കലാ സാഹിത്യവേദി**

**ഉപമേഖല** : **സർഗ്ഗശേഷി വികസനം**

| **ലക്ഷ്യം** | **പ്രവർത്തങ്ങൾ** | **കാലയളവ്** | **റിമാർക്സ്** |
|---|---|---|---|
| കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ വളർത്തുക. മറ്റ് കുട്ടികളുടെയും അധ്യാപകരുടെയും മുൻപിൽ മടിക്കൂടാതെ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക | എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ പീരിഡിൽ കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം. വിദ്യാരംഗം കലാ സാഹിത്യവേദിയുടെ നേതൃത്വത്തിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയും ഒന്നിച്ചുകൂടി (എല്ലാ ക്ലാസുകാരും) കുട്ടികളുടെ നേതൃത്വത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നു. | വർഷം മുഴുവനും | |

**മേഖല : ഭൗതീകം**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|
| -എല്ലാക്ലാസ്റൂമുകളും Hightech ആക്കുക.<br>Smart board സംവിധാനം നടപ്പിലാക്കുക. | 3 വർഷം | School Management<br>പൂർവ വിദ്യാർത്ഥികൾ. | 5 ലക്ഷം | |
| -എല്ലാകുട്ടികൾക്കും ഒരിമിച്ചിരുന്നു സൗകര്യപ്രദമായി ഉച്ചഭക്ഷണംകഴിക്കുന്നതിന് Dinning hall നിർമ്മിക്കുക. | 2 വർഷം | Head mistress<br>തദ്ദേശസ്വയഭരണവകുപ്പ് | 4 ലക്ഷം | |
| കുട്ടികളുടെ മാനസിക ഉല്ലാസത്തിനുതകുന്ന Kids park | 2025-2026 | Head mistress,<br>സ്കൂൾ വികസന സമിതി | 3 ലക്ഷം | |
| Kids play station<br>[K.G, 1, 2] കുട്ടികൾക്കായി ക്ലാസ്സുറിയിൽത്തന്നെകളികൾ ക്കായി അവസരം നൽകൽ. | 2025-2026 | P.T.A,<br>അഭ്യുതയകാംഷികൾ | 10,000 | |
| Librery Room | 2 വർഷം | P.T.A, | 10,000 | |
| വേലിയേറ്റസമയത്ത് സ്കൂൾമുറ്റം മുങ്ങിപ്പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സ്കൂൾമുറ്റം | 2025 May,June | School Management | 4,00,000 | |

| | | | | |
|---|---|---|---|---|
| മുഴുവൻ മണ്ണിട്ട് പൊക്കുക. | | | | |
| കായികപരിശീലനത്തിനുപകുന്ന തരത്തിൽ [Foot ball,basket ball,badminton] Court,Turf | 2026 April | P.T.A,പൂർവ വിദ്യാർത്ഥികൾ. | 5,00,000 | |
| കുട്ടികളുടെ കായിക പരിശീലനത്തിനാവശ്യമായ സജ്ജമാക്കുക. | 2025 December | പൂർവ വിദ്യാർത്ഥികൾ. | 50,000 | |
| Food fest, Juice fest, നാടൻ വിഭവങ്ങളുടെ മേളകൾ സംഘടിപ്പിക്കുക. | 2025 October<br>2026 January | P.T.A, | 15,000 | |
| അടുത്തുള്ള അംങ്കണവാടികൾ,നേഴ്സറി,കളരി എന്നിവിടങ്ങളിലെ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനായി ബാലോത്സവം സംഘടിപ്പിക്കുക. | 2026 February | School staff | 5,000 | |

**മേഖല : ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ**

**ഉപമേഖല : സ്കൂളും പരിസരവും ആകർഷകമാക്കൽ**

**ലക്ഷ്യം : കുട്ടികൾക്ക് സ്കൂളിലേക്ക് വരാൻ താത്പര്യം വർദ്ധിപ്പിക്കുക**

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|
| മഴവെള്ള സംഭരണി<br>ശുദ്ധജലത്തിന്റെ അപര്യാപ്തത മൂലം ലഭിക്കുന്ന മഴവെള്ളവും മറ്റു ശുദ്ധജലവും സംഭരിക്കുന്നതിനും, സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ രൂപീകരിക്കുന്നു. | 2025 | P.T.A | 200000 | |
| മെച്ചപ്പെട്ട ടോയ്‌ലറ്റ്<br>മെച്ചപ്പെട്ട രീതിയിൽ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒരുക്കുക. ‘She’ ടോയ്‌ലറ്റ് സൗകര്യം | 2026 January | School Management | 800000 | |
| ജൈവ വൈവിധ്യ പാർക്ക്<br>പഠനത്തിന് സഹായകമായ വിധത്തിൽ സ്കൂൾ പരിസരം ഔഷധസസ്യങ്ങൾ, പൂചെടികൾ, മരങ്ങൾ ഇവ ക്രമീകരിക്കുക | 2025 | സ്കൂൾ വികസന സമിതി | 25000 | |

## സാമൂഹികം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | റിമാർക്ക്സ് |
|---|---|---|---|
| പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | പ്ലാസ്റ്റിക്കിന്റെ വലിയ വിപത്തിനെക്കുറിച്ച് ബോധവൽക്കരണം കൊടുക്കുന്നു.<br>വിദ്യാലയത്തിൽ നിന്നും പ്ലാസ്റ്റിക് പൂർണ്ണമായും ഉപേക്ഷിക്കുന്നു. | | |
| വിൻസന്റ് ഡി പോൾ പ്രവർത്തനം സജീവമാക്കുക | സഹായം അർഹിക്കുന്നവർക്ക് പങ്കുവയ്ക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | | |
| ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാൻ | ലഹരി വിമുക്ത കേരളം<br>നവ മാധ്യമങ്ങളുടെ ശരിയായ വിനിയോഗം<br>കൗൺസിലിംഗ് സംവിധാനം<br>മിഠായിയുടെ ഉപയോഗം കുറയ്ക്കുന്നത് | | |
| പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തുക | പൂർവ്വ വിദ്യാർത്ഥികളുടെ വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് മറ്റ് സ്ഥലങ്ങളിലുള്ള വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് ഗ്രൂപ്പ് കൂടുതൽ സജീവമാക്കുന്നു. | | |

**മേഖല  അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ**

**കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | റിമാർക്സ് |
|---|---|---|---|
| മാതൃഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി | മലയാളം അക്ഷരതെറ്റില്ലാതെ എഴുതാനും വായിക്കാനുമുള്ളശേഷി കുട്ടികളിൽ ഉറപ്പാക്കുക. | 2025 -2026 | |
| ലളിതം ഗണിതം | കുട്ടികളിൽ ഗണിതക്രിയകൾ എളുപ്പമാക്കാനും ഗണിത താത്പര്യം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ | | |
| English -LEP | കുട്ടികളിൽ ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക. | | |
| Graduation ceremony | 4,7 എന്നീ ക്ലാസുകളിൽ നിന്നും സ്ഥാനകയറ്റം ലഭിച്ച കുട്ടികളേയും LSS,USS ലഭിച്ച കുട്ടികളേയും മികച്ച പഠനനിലവാരം പുലർത്തുന്ന കുട്ടികളെയും അനുമോദിക്കൽ | | |
| Disha programme | മത്സരപരാക്ഷകളെ ഭയമില്ലാതെ അഭിമകീകരിക്കാനും പൊതുവിജ്ഞാനം കുട്ടികളിൽ വളർത്താനും | | |
| NAS | | | |
| ഭാഷാലാബ് | സംസാരശേഷി, ഗ്രഹണശേഷി വർദ്ധിപ്പിക്കുന്നതിനായിഭാഷാലാബ് | | |

| | | | |
|---|---|---|---|
| | സജ്ജമാക്കുക. | | |

# L P Section

## Class - 1

| ലക്ഷ്യം | പ്രവർത്തന പദ്ധതി | കാലയളവ് | റിമാർക്സ് |
|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | • ടീച്ചറും രക്ഷിതാക്കളും പറഞ്ഞ് കേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. (രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം) | ജൂൺ | |
| | • ടീച്ചറും രക്ഷിതാക്കളും പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിച്ചിരിക്കുന്നു.<br>• ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു<br>• പാട്ടരങ്ങ് നടത്തുന്നു.<br>• കഥയരങ്ങ്<br>• കളിയരങ്ങ് | ജൂലൈ<br><br>ആഗസ്റ്റ് | |
| | • ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടികളുടെ വാചിക പ്രകടനങ്ങൾ) | സെപ്റ്റംബർ | |
| | • ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.<br>• കുട്ടികളുടെ സ്വതന്ത്ര കഥ പറയൽ | ഒക്ടോബർ | |

| | | | |
|---|---|---|---|
| | • തേൻ മൊഴി(കുട്ടികവിതകൾ) | | |
| | • ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹയാത്തോടെ വായിക്കുന്നു<br>• ചിത്രം നോക്കി കുട്ടി സ്വന്തമായി കഥ എഴുതുന്നു. | നവംബർ | |
| | • ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.<br>• വായനാക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | ജനവരി | |
| | • ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>• കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു. | ഫെബ്രുവരി | |
| | • ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവ മാധ്യമങ്ങളിൽ പങ്കിടുന്നു.<br>• ക്ലാസ്സ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു. | മാർച്ച് | |

# ENGLISH

**Aim.** To speak, read and write English

**June**

- simple words introducing
- provide picture cards

**July**

- says familiar words
- writing familiar words
- reading familiar words

**August**

- Enjoys rhymes and says them with rhythm and action
- Describes orally about picture and objects

(colour, shape, size etc.)

**September**

- read and write simple words and sentences
- provide picture cards and reading cards

**October**

- introduces simple picture descriptions
- words chain sentence chain etc.

- make riddles
- describing words, rhythmic words, text book activities.

**November**

- my small description book is being prepared
- preparing reading card
- provides more opportunities to read and write and speak English
- write 5 English words daily
- prepare ‘my English world’

**December**

- my picture dictionary
- my growing book

**January**

- provides opportunity to express ‘my self ‘in the class room
- provides opportunity for English assembly

**February**

- news paper reading, library books reading, book review, text book activities

# Class - 2

**വിഷയം : മലയാളം**

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | റിമാർക്ക്സ് |
|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | • ചിത്രവായന<br>• ചിത്രം നോക്കി താരതമ്യം നടത്തുന്നു.<br>• കഥപറച്ചിൽ റോൾപ്ലേ<br>• കഥ ഊഹിച്ചു പറയൽ<br>• ചിത്ര വായന<br>• കാർഡുകളുടെ ഭാഷണത്തിനുള്ള സാധ്യത<br>• ലഘു നാടകങ്ങൾ<br>• ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കൽ<br>(ചിത്രം, വീഡിയോ എന്നിവ പ്രദർശിപ്പിച്ച് ചോദ്യങ്ങളിലൂടെ തയ്യാറാക്കൽ ) | ജൂൺ ആദ്യ ആഴ്ച<br><br>ജൂലൈ ആദ്യ വാരം മുതൽ | |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക | • ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• കുട്ടികളുടെ പുസ്തക പരിപാടി<br>• വായിച്ച കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയെ സംഭാഷണമാക്കൽ<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• വീട്ടു ലൈബ്രറി എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | |
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും മാഗസിനുകൾ | • വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ | ഓഗസ്റ്റ് | |

| | | | |
|---|---|---|---|
| തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു | • കഥാപൂരണം<br>• പങ്കാളിത്ത പാഠങ്ങൾ<br>• ചിത്രവിവരണം | | |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക | • പാട്ടരങ്ങ്<br>• പ്രകൃതി നടത്തം<br>• യാത്രാ വിവരണം<br>• ഭാഷണം - ലേഖനം<br>• വായിച്ച പുസ്തകങ്ങളിലെ ആശയം ഇഷ്ടമുള്ള രീതിയിൽ രംഗാവിഷ്ക്കാരം നടത്തൽ | ജൂലൈ - സെപ്റ്റംബർ | |
| രണ്ടാം ക്ലാസിലെ കുട്ടികളുടെ 60 വരെയുള്ള സംഖ്യാ ബോധം വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക | • എല്ലാ കുട്ടികൾക്കുമുള്ള ഗണിത കിറ്റ് ഉറപ്പാക്കുക<br>• പഠന സാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി ഗണിത കിറ്റിലേക്ക് തയ്യാറാക്കുന്നു.<br>• സംഖ്യാകാർഡ്, കമ്പ് കെട്ട് എന്നിവ ഗണിത രൂപീകരണത്തിന് | ജൂൺ രണ്ടാം ആഴ്ച | |

## വിഷയം :ഗണിതം

| പ്രവർത്തങ്ങൾ | പ്രവർത്തന വിശദീകരണം | സമയം | | റിമാർക്സ് |
|---|---|---|---|---|
| 1. പൂമ്പാറ്റയെ തുരത്താം<br>2. മുത്തുകൾ കോർക്കാം<br>3. തൊടിയിലെ കാഴ്ചകൾ കണ്ടെത്തി എഴുതുക<br>4. മുത്തുക്കുട | ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു | 30 മിനിട്ട്<br>45 മിനിട്ട്<br>15 മിനിട്ട്<br>15 മിനിട്ട് | • മുത്തുകൾ കോർക്കാം പേജ് നമ്പർ 21<br>• പൂമ്പാറ്റയെ തുരത്താം പേജ് നമ്പർ 29 | |
| 1. നിധിവേട്ട | ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് | $^1/_2$ മണിക്കൂർ | • പത്തുകളും ഒന്നുകളും | |

| | | | | |
|---|---|---|---|---|
| 2. ഡൈസ് കളി<br>3. കൂട്ടുകാരോട് ചോദിക്കു<br>4. റാണിയും മക്കളും<br>5. സംഖ്യയെത്ര<br>6. സംഖ്യ ഏത് | രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു.<br>രണ്ടക്ക സംഖ്യയെ പിരിച്ചെഴുതുന്നു | 30 മിനിട്ട്<br>15 മിനിട്ട്<br>15 മിനിട്ട് | വരുന്ന രീതിയിൽ സ്ഥാനവിലസ്ലിപ്പും യൂണിറ്റ് സമചതുരങ്ങളും തയ്യാറാക്കുന്നു | |
| 1. റാണിയും മക്കളും<br>2. ഡൈസ് കളി<br>3. സംഖ്യാ നിർമ്മാണം, നിധിവേട്ട<br>4. വരിയിലെ സംഖ്യകൾ ക്രമീകരിക്കാം (പേജ് നമ്പർ 22) | രണ്ടക്ക സംഖ്യകളെ വലിപ്പമനുസരിച്ച് ക്രമീകരിക്കുന്നു | 15 മിനിട്ട്<br>10 മിനിട്ട്<br>15 മിനിട്ട് | • പത്തുകളും ഒന്നുകളും ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കുന്നു | |

## Subject : English

**Aim** : To speak, read and write English without any mistakes

Time : June – March

To check the vocabulary and writing skills of pupils

Time : June – July

To develop listening skills and reading skills

**Listening skills**

1. Games, Action songs, Hello English activities
2. Conversation, slut stories use ICT

**Speaking skills**

1. Identify the naming words from the conversation, skit stories

Use ICT

Speaking skills

1. Identify the naming words from the pictures
2. Identify the action words from the same pictures
3. Make simple sentences using the action words from the same pictures
4. Make simple sentences using the action word and naming words about the picture
5. Growing sentences, picture reading self introduction assembly are also completed

**Activities**

Speech, book, review, quiz, riddles, self introduction, school radio etc

Time : August – September

Develop the creative speaking and writing

**Reading Skills**

1. News paper reading, library books reading
2. find words

3. Collect and read past tense
4. Rhyming words
5. Describing words etc
6. Textbook activities

**Writing skills**

1. Make words and sentence
2. Make riddles conversation

..............................................................

## Class - 3

**വിഷയം : മലയാളം**

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | റിമാർക്ക്സ് |
|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികളേയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ | • പ്രീ ടെസ്റ്റ് നടത്തുന്നു<br>• അവലോകനം നടത്തൽ<br>• വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു<br>• C.P. T. A meeting നടത്തുന്നു<br>• ചിത്രം / വീഡിയോ കാണിക്കുന്നു | ജൂൺ<br><br><br><br>ജൂലൈ | |

| | | | |
|---|---|---|---|
| | • കണ്ടകാര്യങ്ങൾ പറയുന്നു<br>• പദസൂര്യൻ നിർമ്മിക്കുന്നു<br>• മറ്റുപദങ്ങൾ കണ്ടെത്തി എഴുതുന്നു<br>• Digital സാധ്യത ഉപയോഗിച്ച് കഥകേൾക്കാനും കാണാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു<br>• മലയാളത്തിളക്കം മാതൃകയിൽ വാക്യങ്ങൾ എഴുതുന്നു<br>• വാക്യങ്ങൾ നിർമ്മിക്കുന്നു. വായനാകാർഡ് വായിക്കുന്നു.<br><br>• മലയാളത്തിളക്കം പുസ്തകം ഉപയോഗിച്ച് കഥ വികസിപ്പിക്കുകയും എഴുതുകയും ചെയ്യുന്നു<br>• കഥാ പാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു | ആഗസ്റ്റ്<br><br>സെപ്റ്റംബർ | |
| കുട്ടിയെ മികച്ച വായനക്കാരാക്കുക | • വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തുന്നു (മല, വലിയ മല ,മരങ്ങളുള്ള വലിയ മല) | ഒക്ടോബർ | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • ICT ചിത്രം കാണുന്നു വാക്യങ്ങൾ എഴുതുന്നു<br>• പരിചിതമായ വാക്യങ്ങൾ ,ചിഹ്നങ്ങൾ ഇല്ലാതെ നൽകുന്നു തുടർന്ന് ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു<br><br>• ലളിതമായ വായനാകാർഡുകൾ വായിക്കുന്നു<br>• പുതിയവ നിർമ്മിക്കുന്നു<br><br>• കഥ ചാർട്ടിൽ പ്രദർശിപ്പിച്ചത് കുട്ടികൾ വായിക്കുന്നു.<br>• കഥാപാത്രങ്ങൾ പറയുന്നു<br>• ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു | നവംബർ<br><br>ഡിസംബർ<br><br>ജനുവരി | |

| | | | |
|---|---|---|---|
| | • കഥാ പതിപ്പ്  തയ്യാറാക്കുന്നു<br><br>• വായിക്കുവാനും എഴുതുവാനുമുള്ള കൂടുതൽ അവസരം ലഭ്യമാക്കുന്നു<br>• C.P.T.A യിൽ മികവുകൾ അവതരിപ്പിക്കുന്നു | ഫെബ്രുവരി<br><br>മാർച്ച് | |

**Subject : English**

| Aim | Activities | Month | Remarks |
|---|---|---|---|
| To speak Read and write English without mistakes | 1. <u>Listening skill</u><br>• Games , action songs ,Hello English activities<br>• Conversations , Skit ,Stories use ICT<br>2. <u>Speaking Skills</u><br>• Identify the naming words from the picture<br>• Identify the action words from the same pictures<br>• make the simple sentences using the action word and naming words about the picture | June and July | |

| | | | |
|---|---|---|---|
| | • make symbol description about the picture<br>• Growing sentences, picture reading ,self introduction, Assembly are also conducted<br>More activities<br>• speech ,Book review ,Quiz ,Riddles ,Self introduction | | |
| | 1. Reading skill<br>• News paper reading, library book reading , book review<br>• find words<br>• collect and read past tense<br>• Rhyming words<br>• describing words<br>• Text book Activities | August and September | |
| | 1. Writing Skill<br>• Make word web<br>• Picture description with describing words<br>• Word chain ,Sentence chain | September | |

| | | | |
|---|---|---|---|
| | • Make words and sentences<br>• Make riddles conversations<br>• Add more lines.<br>More activities<br>• speech ,Book review ,Quiz ,Riddles ,Self introduction , make description | | |
| To express thoughts feelings etc | Reading Skill<br>• News paper reading, books reading<br>• conversation, skit ,stories use ICT<br>• Reads breaking news<br>• Develop story<br>• Read notice.<br>Writing skill<br>• discription, notice proclamation thoughts<br>More activities<br>speech Quiz ,Riddles ,School magazines,skits.etc | October and November | |

| | | | |
|---|---|---|---|
| Develop the creative speaking and writing<br>To express thought feelings etc | Reading Skill<br>• News paper reading, library books<br>• conversation ,skit stories<br>• Develop story<br>• Reads Diary<br>• Reads letters from friends<br>Writing skill<br>• Diary<br>• Letter<br>• Announcement<br>More activities<br>speech Quiz ,Riddles ,School magazines,skits | December and January | |
| To improve the presentation power | Reading Skill<br>• News paper reading, library books reading<br>• conversation ,skit stories<br>• Reads breaking news<br>• Develop story<br>• Reads Diary<br>Writing skill<br>• Diary | February and March | |

| | | | |
|---|---|---|---|
| | • Letter<br>• Announcement<br>• description<br>• notice proclamation<br>• Thought | | |

**വിഷയം : പരിസരപഠനം**

| പഠനനേട്ടം | പ്രവർത്തങ്ങൾ | കാലയളവ് | റിമാർക്ക്സ് |
|---|---|---|---|
| - ക്ലാസ്സിലെ മുഴുവൻകുട്ടികളിലും ശാസ്ത്ര ബോധം വളർത്തിയെടുക്കുക<br>- കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക | • അവലോകനം<br>• പ്രകൃതി നടത്തം<br>• ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം പ്രത്യേകതകൾ മനസിലാക്കൽ<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>• പച്ചക്കറി പൂന്തോട്ട നിർമ്മാണം ,പരിപാലനം<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ -ജൂലൈ | |
| പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തിയെടുക്കുക | • ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ്സ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>• ക്ലാസ് തലത്തിൽ ശുചിത്വമത്സരം നടത്തുന്നു | ആഗസ്റ്റ് -സെപ്റ്റംബർ | |

| | | | |
|---|---|---|---|
| | • വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക നൽകുന്നു<br>• നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു | | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | • ഫീൽഡ് ട്രിപ്പ് (നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായിഫീൽ ഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു .കുളം,വയൽ, പുഴ)<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു | ഒക്ടോബര് - ഡിസംബർ | |
| പരീക്ഷണ നിരീക്ഷണ പ്രവർ ത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക. | • ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>• ICT സാധ്യത പ്രയോജനപ്പെടുത്തുന്നു<br>• പക്ഷി നിരീക്ഷണം നടത്തുന്നു<br>• കിളിയൂട്ട് സംഘടിപ്പിക്കുന്നു | ജനുവരി - മാർച്ച് | |

## വിഷയം :ഗണിതം

| പഠനനേട്ടം | പ്രവർത്തങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| മൂന്നാം ക്ലാസ്സിലെ മുഴവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക | • ഗണിതവിജയം കളികൾ<br>• സംഖ്യവായിക്കുന്നു എഴുതുന്നു അടുത്ത സംഖ്യകൾ എഴുതുന്നു<br>• ആരോഹണ അവരോഹണ ക്രമം എഴുതുന്നു | ജൂൺ | |
| | • സംഖ്യയെ സ്ഥാനമനുസരിച്ച് കൂട്ടങ്ങളാക്കുന്നു<br>• സംഖ്യകളെ വിവിധരീതിയിൽ വ്യാഖ്യാനിക്കുന്നു | ജൂലൈ | |
| ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക. | • സംഖ്യകൾ അബാക്കസിൽ ക്രമീകരിക്കുന്നു<br>• സംഖ്യാ സ്ലിപ്പ് ഉപയോഗിച്ച്സംഖ്യ നിർമ്മിക്കുന്നു<br>• സംഖ്യാപാറ്റേൺ നിർമ്മിക്കുന്ന | ആഗസ്റ്റ് | |
| | • സങ്കലന,വ്യവകലന ക്രിയകൾ ഉറപ്പിക്കുന്നു | സെപ്തംബർ | |
| സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ | • ഗണിതവിജയം കളികൾ(ചതുഷ് ക്രിയകൾ)ഉള്ളത്<br>• പസിലുകൾ<br>• സംഖ്യാ പാറ്റേണുകൾ<br>• ജ്യാമിതരൂപങ്ങളുടെ നിർമ്മാണം | ഒക്ടോബർ | |
| ക്ലാസിലെ മുഴവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ അവസരം | • വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾ<br>• ഗണിതവസ്തുക്കൾ മനപാഠമാക്കൽ<br>• ഗണിത വസ്തുക്കൾ നിർമ്മിക്കൽ | നവംബർ -ഡിസംബർ | |
| മൂന്നാം ക്ലാസ്സിലെ മുഴവൻ | • ഹരണക്രിയകൾ നിർമ്മിക്കുന്നു | ജനവരി -മാർച്ച് | |

| | | | |
|---|---|---|---|
| കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | • പ്രായോഗിക പ്രസ്നങ്ങൾ പരിഹരിക്കുന്നു<br>• അളവുകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു | | |

## ക്ലാസ്സ് - 4

**വിഷയം : മലയാളം**

| പഠനനേട്ടം | പ്രവർത്തങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | റിമാർക്സ് |
|---|---|---|---|---|
| അക്ഷര സ്ഫുടതയോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം എഴുതാം വായിക്കാം | • കൂട്ടുകാരുടെ മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന<br>• നിശബ്ദ വായന<br>• വായന കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതാൻ<br>• വായനാ കാർഡ് ഉച്ചത്തിൽ വായന | 2 ആഴ്ച്ച | |
| | വായിക്കാം എഴുതാം വായിക്കാം തുടർപ്രവർത്തനം | • കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു<br>• വായന കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ കുട്ടി രക്ഷിതാവിനെ വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>• കുട്ടി വായിക്കുന്നതിന്റെ ഓഡിയോ / വീഡിയോ | 2 ആഴ്ച്ച | |
| | ആശയം പറയാം | • കുട്ടിക്ക് കഥപുസ്തകം / വായനാ കാർഡ് നൽകുന്നു<br>• നിശബ്ദ വായന<br>• വായിച്ച ആശയം പറയൽ<br>• ആവർത്തന വായനയ്ക്ക് ശേഷം ഉച്ചത്തിൽ വായന | ജൂൺ | |
| | ആശയം പറയാം തുടർപ്രവർത്തനം | • കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു<br>• കുട്ടി രക്ഷിതാവിനെ വായിച്ചു കേൾപ്പിക്കുന്നു<br>• ആശയം രക്ഷിതാവിനെ പറഞ്ഞു കേൾപ്പിക്കുന്നു | ജൂൺ | |

| | | | | |
|---|---|---|---|---|
| | വായിക്കാം കൂട്ടുകാരെ | • കുട്ടിക്ക് വായനാ കാർഡ് നൽകുന്നു<br>• നിശബ്ദ വായന<br>• ഉച്ചത്തിൽ വായന<br>• കൂട്ടുകാർക്ക് മുന്നിൽ വായന | ജൂൺ - ജൂലൈ | |
| | വായിക്കാം കൂട്ടുകാരെ<br>തുടർപ്രവർത്തനം | •<br>• കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു<br>• കുട്ടി രക്ഷിതാവിനെ വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>• കുട്ടി വായിക്കുന്നതിന്റെ ഓഡിയോ / വീഡിയോ അയച്ചു തരുന്നു | ജൂൺ - ജൂലൈ | |
| | വായിക്കാം<br>അഭിപ്രായം പറയാം | • കുട്ടിക്ക് കഥാ കാർഡ് നൽകുന്നു<br>• വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>• കഥാപാത്രങ്ങളെക്കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു<br>• ചെറുകഥാ രചന<br>• വിവരണം | ജൂൺ - ആഗസ്റ്റ് | |
| | ക്ലാസ്സ് റൂം ലൈബ്രറി | • ക്ലാസ്സ് റൂം ലൈബ്രറി ഒരുക്കുന്നു | ജൂൺ - ഒക്ടോബർ | |

| | | | | |
|---|---|---|---|---|
| | | • പുസ്തക വിതരണം<br>• വായന, വായനാനുഭവം പങ്കുവയ്ക്കൽ | | |
| കഥ, കവിത എന്നിവ കേട്ടു സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും<br>അവതരിപ്പിക്കുന്നു. | കഥ കാണാം എഴുതാം | • കുട്ടിയ്ക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം<br>• കഥ സ്വയം എഴുതൽ<br>• അധ്യാപികയുടെ ഇടപെടൽ<br>• മെച്ചപ്പെടുത്തി എഴുതൽ | 2 ആഴ്ച | |
| | കഥ കാണാം എഴുതാം തുടർപ്രവർത്തനം | • രക്ഷിതാവിനെ കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു<br>• കുട്ടി വായിക്കുന്നതിന്റെ ഓഡിയോ / വീഡിയോ അയച്ചു തരുന്നു | 2 ആഴ്ച | |
| | ചിത്രത്തിലെന്തെല്ലാം | • കുട്ടിയ്ക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു<br>• ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം<br>• വിവരണം എഴുതൽ<br>• അധ്യാപികയുടെ ഇടപെടൽ<br>• രചന മെച്ചപ്പെടുത്തൽ | 2 ആഴ്ച | |
| | സർഗാത്മകത രചന | • കുട്ടിയ്ക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം<br>• കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ / നിർദേശങ്ങൾ | ജൂൺ - ഒക്ടോബർ | |

| | | | | |
|---|---|---|---|---|
